# GHS PERUMPAZHUTHOOR
# DIGITAL MAGAZINE



# വാൽക്കണ്ണാടി

**2022-2025**

**BATCH**

i

i

# ആശംസ



വിവരസാങ്കേതിക വിദ്യയുടെ നൂതന ആശയങ്ങൾ വിദ്യാർത്ഥികൾക്ക് അനുഭവവേദ്യമാക്കാൻ കഴിഞ്ഞുവെന്നതിന് മകുടോദാഹരണമാണ് ഈ ഡിജിറ്റൽ മാഗസിൻ. കുട്ടികളുടെ സർഗ്ഗസൃഷ്ടികൾ ആവിഷ്ക്കരിക്കാൻ സാധിച്ചു എന്നത് അഭിമാനകരമാണ്. ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിലുള്ള 'വാൽക്കണ്ണാടി' എന്ന ഡിജിറ്റൽ മാഗസീന് എല്ലാവിധമായ ആശംസകളും നേരുന്നു.

**ശിവകുമാർ . വി**

**പ്രഥമാധ്യാപകൻ**

# താളുകളിൽ

1) നമ്മുടെ വിദ്യാലയം

2) അമ്പിളി അമ്പിളി നീ എവിടെയാണ്

3) ഒടുവിൽ ആഗ്രഹിച്ച സമ്മാനം തന്നെ കിട്ടി

4) അമ്മ

5) മറഞ്ഞിരിക്കുന്ന മഴക്കാറുകൾ

6) മയിൽപ്പീലി

7) വേനൽമഴ

8) സങ്കടങ്ങൾ നിറഞ്ഞ ജീവിതം

9) കരകൗശല വസ്തുകൾ

10) ലിറ്റിൽ കൈറ്റ്സ് 2022-25 ബാച്ച്

11) വിദ്യാലയ കാഴ്ച്ചകൾ

# കഥകളും കവിതകളും

# നമ്മുടെ വിദ്യാലയം

# ഗവ. ഹൈസ്കൂൾ പെരുമ്പഴുതൂർ



## ലഘുചരിത്രം

സാമൂഹിക പരിഷ്കർത്താവായ ശ്രീ ഗോവിന്ദപിള്ള 1897-98 കാലഘട്ടത്തിൽ പെരുമ്പഴുതൂർ എന്ന സ്ഥലത്ത് ഒരു കുടിപ്പള്ളിക്കൂടം സ്ഥാപിച്ചു. അദ്ദേഹം തന്നെയായിരുന്നു ഈ സ്കൂളിന്റെ മാനേജരും പ്രഥമ അധ്യാപകനും. ജാതി സമ്പ്രദായത്തിന്റെ അയിത്തങ്ങളെല്ലാം മറികടന്ന് എല്ലാ ജാതി മത വിഭാഗത്തിലെ വിദ്യാർത്ഥികൾക്കും ഒരു പോലെ പ്രവേശനം നൽകുകയും കൂടാതെ പിന്നോക്ക വിഭാഗത്തിൽപ്പെട്ട വ്യക്തിക്ക് ജോലി നൽകിക്കൊണ്ട് മാനവികതയുടെ ഐക്യം വിളിച്ചോതുന്നതാണ് പെരുമ്പഴുതൂർ സ്കൂളിന്റെ ചരിത്രം. വിദ്യാലയത്തിന്റെ വികസനം സ്വപ്നം കണ്ട ശ്രീ. ഗോവിന്ദൻപിള്ള ഒന്നര ഏക്കറോളം ഭൂമി ഒരു രൂപ അർത്ഥം വച്ച് ഗവൺമന്റെിന് കൈമാറി. 1981 ൽ ഈ വിദ്യാലയം ഹൈസ്കൂൾ ആയി ഉയർത്തി.



# അമ്പിളി അമ്പിളി നീ എവിടെയാണ്



അമ്പിളി... അമ്പിളി
എന്നും അമ്പിളിയുടെ അമ്മ
റോഡിനരികിൽ ഇരുന്ന തന്റെ മകനായ അമ്പിളിയെ
വിളിക്കും. അമ്പിളി മരിച്ചുപോയിരുന്നു. അവൻ പഠിക്കാൻ
മിടുക്കനായിരുന്നു. എല്ലാ ടീച്ചർമാർക്കും അവനെ ഭയങ്കര ഇഷ്ടമായിരുന്നു. ആരു എന്ത് പറഞ്ഞാലും അവൻ അനുസരിക്കുമായിരുന്നു. അവന്റെ അച്ഛൻ മരിച്ചുപോയിരുന്നു . അവന്റെ അമ്മയാണ് അവനെ വളർത്തുന്നത്. തന്റെ മകനെ ആ അമ്മ ഒരുപാട് സ്നേഹിച്ചിരുന്നു. അതുപോലെ തന്നെ അവനും അമ്മയെ ഒരുപാട് സ്നേഹിച്ചിരിന്നു. എന്നും രാവിലെ അവന്റെ അമ്മ അവനെ സ്കൂളിൽ വിട്ടിട്ടാണ് ജോലിക്കു പോകുന്നത്.

അന്ന് അമ്പിളിയുടെ പിറന്നാളായിരുന്നു. അവനു അമ്മ രാവിലെ എഴുന്നേറ്റു പിറന്നാൾ ആശംസകൾ പറഞ്ഞു. അവൻ വളരെ സന്തോഷത്തിലായിരുന്നു. അവൻ സ്കൂളിൽ പോകാനും അവന്റെ അമ്മ ജോലിക്കു പോകാനും ഇറങ്ങി. അവന് സ്കൂളിൽ കൊടുക്കാൻ മിട്ടായി വാങ്ങിച്ചു കൊടുത്തു.

അമ്പിളിയുടെ പിറന്നാൾ ആയതിനാൽ കേക്ക് വാങ്ങാൻ അവന്റെ അമ്മ തീരുമാനിച്ചു. ഇന്ന് തന്റെ മകനെ സ്കൂളിൽ  നിന്ന് താൻ വിളിച്ചുകൊണ്ടു പോകാം എന്ന് കരുതി നേരത്തെ ജോലി സ്ഥലത്തുനിന്ന് ഇറങ്ങി കേക്ക് വാങ്ങി. മകനെ വിളിക്കുവാൻ സ്കൂളിൽ പോയി. സ്കൂൾ വിട്ടു. അവന്റെ അമ്മ കേക്കുമായി ഇപ്പറത്തെ റോഡിൽ നിൽക്കുകയായിരുന്നു . അവൻ അപ്പുറത്തെ വശത്തും അവ അമ്മ ഇപ്പുറത്തെ വശത്തും നിന്നു. അമ്മ അവനെ വിളിച്ചു.

അമ്പിളി ഇങ്ങു ഇപ്പുറത്തു വാ.. അവൻ ഇപ്പുറത്തു ക്രോസ്സ് ചെയ്യുന്നതിനിടെ അവനെ ഒരു ലോറി ഇടിക്കുന്നു. അവൻ അവിടെവെച്ചുതന്നെ മരണപ്പെടുന്നു. ഇത് കണ്ട് നിന്ന അവന്റെ  അമ്മ ഉറക്കെ നിലവിളിച്ചു കരഞ്ഞു. മകൻ മരിക്കുന്നത് കണ്ടു നിന്ന ആ അമ്മയുടെ മാനസികനില തെറ്റുന്നു.ആ  അമ്മ എന്നും ആ റോഡിൽ ചെന്നു നിലവിളിച്ചു ....അമ്പിളിയെ അമ്പിളി അമ്പിളി... നീ എവിടെയാണ്....

# ഒടുവിൽ ആഗഹിച്ച സമ്മാനം തന്നെ കിട്ടി



ഒരു സ്ഥലത്ത് ഒരു കൊച്ചു ഗ്രാമത്തിൽ മാളു എന്ന പെൺക്കുട്ടി താമസിച്ചിരുന്നു . മാളുവിന്റെ അച്ഛനും അമ്മയും മാളുവിന് 5 വയസ്സായാപ്പോൾ തന്നെ മരിച്ചുപ്പോയി.ഇപ്പോൾ മാളുവിന് 10 വയസ്സായി. അവൾ ഇപ്പോഴും വളരെ വിഷമകരമായി ആണ് ജീവിതം നയിക്കുന്നത്. മാളുവിന്റെ അമ്മുമ്മ ആണ് മാളുവിനെഇപ്പോൾ നോക്കുന്നത്. അമ്മുമ്മയ്ക്കും വയസ്സായി അതുക്കൊണ്ട് ജോലിക്കൊന്നും പോകുവാൻ കഴിയില്ല. അതിനാൽ വളരെ ദാരിദ്ര്യത്തിലാണ് അവർ ജീവിക്കുന്നത്. അങ്ങനെ ഒരു ദിവസം മാളുവിന് ഒരാഗ്രഹം . മഞ്ഞപ്പാവാട വേണം എന്നായിരുന്നു ആഗ്രഹം .എന്നാൽ അത് വാങ്ങാനുള്ള കാശ് ഇല്ലായിരുന്നു. അങ്ങനെയിരിക്കെയാണ് മാളുവിന്റെ പിറന്നാൾ അടുത്തുവന്നത്. മാളുവിന്റെ മാതാപിതാക്കൾ മരിച്ചശേഷം മാളു പിറന്നാൾ ആഘോഷിച്ചിട്ടില്ലായിരുന്നു. മാളുവിന് പിറന്നാൾ ആഘോഷിക്കണമെന്ന് ആഗ്രഹമുണ്ടായിരുന്നു. എന്നാലും അത് ഒന്നും മാള അമ്മുമ്മയുടെ അടുത്ത് പറഞ്ഞില്ല കാരണം മാളുവിന് അറിയാം. അമ്മുമ്മയുടെ കൈയിൽ പണം ഇല്ലെന്ന്.

എന്നാൽ മഞ്ഞപാവാട വെണമെന്ന ആഗ്രഹവും മാളു കൊണ്ടുനടന്നു. മാളുവിന്റെ കൂട്ടുകാരികൾ പുതിയ പുതിയ വസ്ത്രങ്ങൾ ധരിക്കുമ്പോൾ മാളുവിന് കൊതിയുണ്ടാവും. അങ്ങനെ പിറന്നാൾ ദിവസം എത്തി. അന്ന് മാളുവിന്റെ ക്ലാസിലെ ടീച്ചർ മാളുവിൻറെ വീട്ടിൽ വന്നു. ശരിക്കും പിറന്നാൾ ആഘോഷിക്കുവാനാണ് ടീച്ചർ വന്നത്. എന്നാൽ മാളുവിന് അത് അറിയില്ലായിരുന്നു. അപ്പോൾ കൈയിൽ ഒരു കേക്ക് ഉണ്ടായിരുന്നു. ടീച്ചർ അത് മാളുവിന്റെ കൈയിൽ കൊടുത്തു. അപ്പോൾ മാളുവിന് വളരെയധികം സന്തോഷമായി.ടീച്ചർ കേക്ക് മുറിച്ചു കഴിച്ചതിനു ശേഷം മടങ്ങിപ്പോകുവാൻ ഇറങ്ങി. അപ്പോൾ ഒരു കവർ മാളുവിന്റെ കൈയിൽ കൊടുത്തു.അതിനുശേഷം നല്ലതുപോലെ പഠിക്കണം എന്ന് പറഞ്ഞു.ടീച്ചർ പോയശേഷം മാളു ആ പൊതി തുറാന്നു നോക്കിയപ്പോൾ മാളു ഏറെ അഗ്രഹിച്ച മഞ്ഞപാവാട മാളുവിന് സന്തോഷംക്കൊണ്ട് കണ്ണ് നിറഞ്ഞു.

# അമ്മ



ദുഖത്തിൽ  നോവുകളിൽ
വേദനയാൽ ചൊരിയുന്ന
അക്ഷരതലങ്ങളാണീ വാക്ക്
അമ്മ എന്ന വാക്ക്.

ഒറ്റപെടുന്ന പൈതങ്ങൾ തൻ
ഭയമകറ്റുവാൻ ഉണരുന്ന
ഉഷസാണീ വാക്ക്.
അമ്മ എന്ന വാക്ക്

by Sneha S
STD 9B

# മറഞ്ഞിരിക്കുന്ന മഴക്കാറുകൾ

മറഞ്ഞു പോയ് എവിടെ നീ
മഴമേഘമേ മഴമുകിലെ എങ്ങു നീ
ഗദ്യത്തിൽ പവിഴമായി മാറുന്നു.
നിഹാരഹർഷമേ പുഷ്പ-
മായി കാർമേഘമേ മഴക്കാറുകളെ



മിന്നുക്കപെട്ട വജ്ര ശോഭയാൽ
പുഞ്ചിരിക്കുമ്പോൾ മയിൽ പീലി
താളുകൾ പോലെ തോന്നിടുന്നു.
വിവിധ നിറവർണ്ണങ്ങളായ് തെളിഞ്ഞിടുന്നു.

ശാന്തമായി ഒഴുകുന്ന അരുവി
നീർപാട്ടുകൾ സൗന്ദര്യ ശീതം മൂളിടുന്നു

by Devika D R
9-B.

# മയിൽപീലി



വിവിധ നിറങ്ങളാൽ സൗന്ദര്യമണിഞ്ഞ്
നിൽക്കവെ സഭ്യമായി
നിഷ്കളങ്കമായി ചിമ്മുന്ന പുഷ്പകണ്ണുകളെ
എൻ മയിൽപ്പീലികളെ

ചിമ്മുന്നഹരിത വർണ്ണമയി
മിന്നിമറയുന്ന ശോഭയാൽ തിളങ്ങുമ്പോൾ
തുവാലപോൽ കാറ്റിൽ പറക്കുന്ന മയിൽപീലി

by Jiji joy
IX B

# വേനൽമഴ



വേനലേ മഴയായ് പൊഴിയും

നേരത്ത് കാർമുകിലേ ഇരുളാൽ

മറഞ്ഞു. നീലവായ് ഞാൻ നീങ്ങവേ

നീ എൻതണലായി മാറി .

നിൻ പ്രകാശമയി  തെളിയുന്നമേഘത്തെ

വേനൽ മഴയായ് പൊഴിഞ്ഞു ഞാൻ.

## സങ്കടങ്ങൾ നിറഞ്ഞ ജീവിതം

പണ്ട് ഒരു വീട്ടിൽ ഒരു അമ്മയും മകനും ഉണ്ടായിരുന്നു. ഒരു അച്ഛന്റെയും സഹോദരന്റെയും സ്നേഹം അനുഭവിക്കാൻ ആ മകന് ഭാഗ്യമില്ലായിരുന്നു. അവന്റെ ചെറുപ്രായാത്തിൽ തന്നെ അച്ഛനും ചേട്ടനും മരണപ്പെട്ടു. തന്റെ അമ്മയ്ക്ക് ഒരു കടയുണ്ടായിരുന്നു. മകന് തന്റെ അമ്മയെ സഹായിക്കുന്നത് വളരെ സന്തോഷത്തോടെയാണ്. അങ്ങനെ അവർ ജിവിച്ച് വരുന്നതിനിടെ ഒരിക്കൽ തന്റെ അമ്മയ്ക്ക് അസുഖം വന്നു. അന്ന് തന്നെ ആശുപത്രിയിൽ കൊണ്ടുപോയി. ആ മകൻ ആ കടയിൽ ആയിരുന്നു. അന്റെഅമ്മ ആശുപത്രിയിൽ നിന്ന് വന്നപ്പോൾ ആ അമ്മക്ക് ഓർമ്മയും ഇല്ലായിരുന്നു. ആ മകൻ തന്റെ അച്ഛന്റെ സഹോദരന്റെ വീട്ടിൽ മകനെയും അമ്മേയും കൊണ്ടുപോയി. അവിടെയാണ് അമ്മ നിന്നത്. ആ രാത്രിയിൽ ഉറങ്ങുന്നസമയത്ത് അമ്മ മകനിൽ നിന്ന് വിടവാങ്ങി.ആ അമ്മയുടെ മരണവാർത്ത അറിഞ്ഞ മകന് വിമ താങ്ങാൻ കഴിഞ്ഞിരുന്നില്ല. ആ മകൻ ആരോടും സംസാരിക്കാതെ അമ്മ വിട്ടുപോയ വിശമത്തിൽ അമ്മയുടെ അടക്കം കഴിയുകയും പിന്നെ ആ മകൻ അന്ന് രാത്രി ചിന്തിച്ച.'എന്റെ ജീവിതത്തിൽ മാത്രം ഒരു സന്തോഷം കിട്ടാതെ അമ്മയും അവന്റെ ജീവിതത്തിൽ നിന്നുപോയി'.

**എന്റെ ജീവിതത്തിൽ എനിക്ക് കിട്ടിയ ഗുണപാഠം-**

***Life is just like a road. It have many holes. Sometime we fall that holes. But we overcome that holes. That is ability to overcome our problems in our life........***

by: **Abhijith Baiju**
**STD 9B**

# കരകൗശല വസ്തുക്കൾ






വാ ച്ചു വളരുക
ചിന്തിച്ചു
വിവേകം നേടുക
പി. എൻ. പണിക്കർ


Presented by 9B


A Book
when we have a
doubt we go
to a liberary
keep
reading



# ലിറ്റിൽ കൈറ്റ്സ് 2022-25 ബാച്ച്



# വിദ്യാലയ കാഴ്ച്ചകൾ

# വിദ്യാലയ അങ്കണത്തിലെ തണൽമരം




# കൃഷി തോട്ടം






Govt.High School Perumpazhu
STUDENT POLICE CADE
Thiruvananthapuram Rural
Neyyattinkara Police Station
Reg.No.TR.657
BIODIVERSITY PARK
Planted & Maintained By SPC UNIT
2019-20
Finanace : Department of Education

# ഗ്രന്ഥശാല






GOVT.HIGH SCHOOL PERUMPAZHUTHOOR
STUDENT POLICE CADET (SPC)
THIRUVANANTHAPURAM RURAL
NEYYATTINKARA POLICE STATION,UNIT.NO.TR.657
SPC


DOCUMENTATION
Govt. High School Perumpazhuthoor
STUDENT POLICE CADET (SPC)

# സയൻസ് ലാബ്





# സയൻസ് പാർക്ക്



# IT ലാബ്




Thank
You